# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*587

**23-05-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതി

**ചോദ്യം**

ശ്രീ.മുരളി പെരുനെല്ലി
,, ആർ. രാജേഷ്
,, എൻ. വിജയൻ പിള്ള
,, കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി 3 ലക്ഷം ഹെക്ടറിലേക്ക് വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച പദ്ധതിയുടെ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് നെൽകൃഷി 3 ലക്ഷം ഹെക്ടറിലേയ്ക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2016-17 വർഷം 4331.615 ലക്ഷം രൂപയുടെ സമഗ്ര നെൽകൃഷി വികസന പദ്ധതി നടപ്പിലാക്കി. കേന്ദ്രസർക്കാരിന്റെ 4210 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ. പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.സുസ്ഥിര നെൽകൃഷി വികസനം<br>2.വികസന ഏജൻസികൾക്കുള്ള ഫണ്ട്<br>3.പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോൽസാഹനം<br>4.പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി<br>5. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008- ഡാറ്റാ ബാങ്ക് വാലിഡേഷൻ<br>6.കരനെൽകൃഷി വികസനം<br>7.തരിശുനിലങ്ങളിൽ നെൽകൃഷി<br>8.തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്ത് തല അവാർഡ്<br>9.ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിന് |

| | | | |
|---|---|---|---|
| | | | യ്ക്കായുള്ള ധനസഹായം<br>10.നഗരപ്രദേശങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ടടിസ്ഥാനത്തിലുള്ള നെൽ കൃഷി വികസനത്തിനുള്ള ധനസഹായം<br>11.നെൽവർഷത്തോടനുബന്ധിച്ച് നെൽ കൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായം<br>12.പദ്ധതി പ്രവർത്തനത്തിനായുള്ള ധന സഹായം<br>13. രജിസ്റ്റേഡ് വിത്തുല്പാദന പദ്ധതി.<br>14.ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം.<br>15.നെല്ല് പ്രാദേശികമായി സംസ്കരണം നടത്തുന്നതിന് റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് പദ്ധതി.<br>മേൽ പരാമർശിച്ച പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; | (ബി) | നെൽകൃഷിയിൽ കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മേൽ പരാമർശിച്ച പദ്ധതികൾ കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും ഉള്ള എല്ലാ ആനുകൂല്യങ്ങളും പാടശേഖര അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്. |
| (സി) | അരിവില നിയന്ത്രണ വിധേയമാക്കുന്നതോടൊപ്പം നെൽകൃഷി ലാഭകരമാക്കുന്നതിന് ഏതൊക്കെ വിധത്തിലുള്ള ഇടപെടലുകളാണ് നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (സി) | അരിവില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ കേരളത്തിലുടനീളം മാവേലി സ്റ്റോറുകൾ, സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴി സബ്സിഡി നിരക്കിൽ (മട്ട ഇനം-24/kg, ജയ, കുറുവ 25/kg, പച്ചരി-23/kg) അരി വിതരണം ചെയ്തു വരുന്നു. ഏകദേശം 1.35 ലക്ഷം മെട്രിക് ടൺ അരി കഴിഞ്ഞ സാമ്പത്തിക വർഷം ഇപ്രകാരം വിതരണം ചെയ്തിട്ടുണ്ട്. കേരളത്തിലെ 14 ജില്ലകളിൽ നിന്ന് സപ്ലൈകോ നെല്ല് സംഭരിക്കുന്നു. ഒരു വർഷം ഏകദേശം 5.6 ലക്ഷം ടൺ നെല്ല് സംഭരിക്കുന്നു. ഇപ്രകാരം സംഭരിക്കുന്ന നെല്ലിൽ നിന്ന് ലഭ്യമാകുന്ന 3.8 ലക്ഷം ടൺ അരി പൊതു വിതരണ സംവിധാനത്തിലൂടെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നു.<br>ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പദ്ധതികൾ വഴി കർഷകന്റെ ചെലവ് കുറയ്ക്കുവാനും, ആദായം വർദ്ധിപ്പിക്കുവാനും ഉല്പാദനക്ഷമത കൂട്ടുവാനും കഴിയും. നിലവിലെ സമഗ്ര നെൽകൃഷി വികസന പദ്ധതി ഗ്രൂപ്പ് |

ഫാമിംഗ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന നാൽ 20 40% വരെ ചിലവ് കുറയ്ക്കുവാ കഴിയും. കൂടാതെ കാർഷിക യന്ത്രവത്ക രണം, കൃത്യസമയത്തുള്ള ജലസേചനം ഗുണമേന്മയുള്ള വിത്തിന്റെ ഉപയോഗ കൃത്യസമയത്തുള്ള മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗ കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ സ്വീക ക്കൽ, വിവിധ വിളപരിപാലന പ്രവർത്ത ങ്ങൾക്ക് കാർഷിക കർമ്മസേന അഗ്രോസർവ്വീസ് സെന്റർ എന്നി സേവനങ്ങൾ ലഭ്യമാക്കി പാടശേഖരാ സ്ഥാനത്തിൽ നടപ്പിലാക്കുന്നത് കൃഷി ചിലവ് കുറയ്ക്കുന്നതിന് പുറമേ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹാ യിക്കും. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി 1995 ന് ശേഷം കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി 2017-18 വർഷം 7000 ലക്ഷം രൂപയുടെ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. **സുസ്ഥിര നെൽകൃഷി വികസനം.**

   ഈ പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് ഉല്പാദനോപാധികളുടെ ചെലവിനായി 1500/ രൂ സബ്സിഡി നിരക്കിൽ 180000 ഹെക്ടർ സ്ഥലത്തേക്ക് 2700 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

2. **വികസന ഏജൻസികൾക്കുള്ള ഫണ്ട്**

   നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽകൃഷി വികസന ഏജൻസികൾക്കായി 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നു.

3. **പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം.**

   പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി മറ്റിനങ്ങൾ) വികസനത്തിനായി ഹെക്ടറിന് 10,000/-രൂപ സബ്സിഡി നിരക്കിൽ 1200 ഹെക്ടർ (ആലപ്പുഴ, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട്, കണ്ണൂർ) 120 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

4. **പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി**

   പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ (പരമാവധി 50,000/ രൂപ ഒരു പാടശേഖരത്തിന്) 300 ലക്ഷം രൂപ 83,333.3 ഹെക്ടർ പ്രദേശത്തേക്ക് വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

5. **നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 ഡാറ്റാബാങ്ക് വാലിഡേഷൻ**

   കെ.എസ്.ആർ.ഇ.സി.യുടെ സഹകരണത്തോടെ പഞ്ചായത്തുകളിൽ തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്ക് ഉപഗ്രഹചിത്രങ്ങളുടെ അടിസ്ഥാനത്തിൽ വാലിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2017-18 വർഷം ഇതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. **കരനെൽകൃഷി വികസനം**

   സംസ്ഥാനത്ത് കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2500 ഹെക്ടർ സ്ഥലത്ത് (ഹെക്ടറിന് 13,600/-രൂപ സബ്സിഡി) 350 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

7. **തരിശു നിലങ്ങളിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്ക് -**

   ഈ വർഷം ഒരു ഹെക്ടറിന് 30,000/- രൂപ നിരക്കിൽ പുതുതായി 2957 ഹെക്ടറിന് (25,000/-രൂപ കർഷകനും, 5000/-രൂപ ഭൂവുടമയ്ക്കും) 887 ലക്ഷം രൂപയും 2016-17 വർഷം നടപ്പിലാക്കിയ തരിശുനില നെൽകൃഷി നിലനിർത്തുന്നതിനായി രണ്ടാം വർഷ ധനസഹായമായി (2900 ഹെക്ടർ) ഹെക്ടറിന് 7000/- രൂപ (5800/-രൂപ കർഷകനും 1200 രൂപ ഭൂവുടമയ്ക്കും) നിരക്കിൽ നല്കുന്നതിനായി 203 ലക്ഷം രൂപയും അത്തരത്തിൽ ആകെ 1090 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

8. **തരിശുനില നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി പഞ്ചായത്ത് തല അവാർഡ്**

   ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, നഗരപ്രദേശം എന്നിവയ്ക്കായി ഏറ്റവും നല്ല പ്രോജക്ട് അടിസ്ഥാനത്തിൽ നെൽകൃഷിയ്ക്ക് അവാർഡ് നല്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

9. **ഒരുപ്പൂകൃഷി ഇരിപ്പൂകൃഷി ആക്കുന്നതിലേയ്ക്കായുള്ള ധനസഹായം**

   ഹെക്ടറിന് 10,000/ രൂപ ധനസഹായ നിരക്കിൽ 1500 ഹെക്ടറിന് 150 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

10. **നഗരപ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിലുള്ള നെൽകൃഷി വികസനത്തിനുള്ള ധനസഹായം.**

    ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

11. **നെൽവർഷത്തോടനുബന്ധിച്ച് നെൽകൃഷിയിൽ നൂതനാശയങ്ങൾ നടപ്പിലാക്കു തിനുള്ള ധനസഹായം.**

ഈ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 262 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

12. **പദ്ധതി പ്രവർത്തനത്തിനായുള്ള ധനസഹായം**

ഇതിലേയ്ക്കായി 58 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

13. **റജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി.**

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

14. **ബ്ലോക്ക് തലത്തിലുള്ള സംയോജനത്തിനായി പദ്ധതി അധിഷ്ഠിത സഹായം** - 120 **ലക്ഷം രൂപ.**

15. **റൈസ് മില്ല് (300 ലക്ഷം)**

അതാത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന നെൽവിത്ത് അതാത് സ്ഥലത്ത് വിപണനം ചെയ്യുന്നതിലേയ്ക്ക് ലക്ഷ്യമിട്ടുകൊണ്ട് മിനി റൈസ് മില്ല് സ്ഥാപിക്കുന്നതിനായി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ